**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **11-10-2024 - ൽ മറുപടിയ്ക്ക്**

**കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .<br>1 ബി.എ. എക്കണോമിക്സ്<br>2 ബി. കോം. കോ -ഓപ്പറേഷൻ<br>3 ബി. എ. ഇംഗ്ലീഷ്.<br>4 ബി .എസ് .സി. ബോട്ടണി. |
| (ബി) | പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ സർവകലാശാലയിൽ ലഭിച്ചിട്ടില്ല .<br>എന്നാൽ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതു തലമുറ പ്രോഗ്രാമുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട് .കാസർഗോഡ് പാക്കേജിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് , പ്രസ്തുത കോളേജിൽ പുതിയ പ്രോഗ്രാമുകൾ സർവകലാശാലയുടെ കൂടി അംഗീകാരത്തോടെ , അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് . |
| (സി) | പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ? | (സി) | സർവകലാശാല പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന അവസരത്തിൽ കോളേജ് പ്രിൻസിപ്പാൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് .ഇത്തരത്തിൽ അപേക്ഷ ലഭിച്ചാൽ സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയശേഷം,യോഗ്യമെങ്കിൽ അനുമതിക്കായി സർക്കാരിലേയ്ക്ക് ശുപർശ ചെയ്യുന്നതാണ് .സർക്കാർ അനുമതി നൽകുന്ന |

| | | | |
|---|---|---|---|
| | | | പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള തുടർനടപടികൾ സർവകലാശാല സ്വീകരിക്കുന്നു . |

സെക്ഷൻ ഓഫീസർ